സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ തുകയുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ പറയുംപ്രകാരമാണ്.

സേവിംഗ്സ് അക്കൗണ്ട്	— 31.74	(കോടി രൂപ)
5 വർഷ പോസ്റ്റ് ഓഫീസ് റെക്കറിംഗ് ഡെപ്പോസിറ്റ്	— 13.12	(കോടി രൂപ)
10 വർഷ ക്യുമുലേറ്റീവ് ടൈം ഡെപ്പോസിറ്റ്	— 1.46	(കോടി രൂപ)
1 വർഷം മുതൽ 5 വർഷം വരെയുള്ള ടൈം ഡെപ്പോസിറ്റ്	— 13.80	(കോടി രൂപ)
6 വർഷ, 7 വർഷ ദേശീയ സമ്പാദ്യ പദ്ധതി സർട്ടിഫിക്കറ്റ്	— 25.77	(കോടി രൂപ)
പബ്ലിക് പ്രോവിഡന്റ് ഫണ്ട്	— 0.03	(കോടി രൂപ)
ആകെ	85.92	(കോടി രൂപ)

ഒക്ടോബർ അവസാനത്തോടുകൂടി മൊത്ത നിക്ഷേപം 110 കോടി രൂപ കവിയുമെന്നാണ് സൂചന.

ദേശീയ സമ്പാദ്യ പദ്ധതി ഊർജ്ജിത നിക്ഷേപസമാഹരണം

633. [856] ശ്രീ. വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ ഊർജ്ജിത നിക്ഷേപ പിരിവിൻ പ്രകാരം കിട്ടിയ നിക്ഷേപത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) സമ്മാനത്തിനായി എന്തു തുക ചെലവായി ?

ഉത്തരം

(എ) ഊർജ്ജിത നിക്ഷേപ സമാഹരണ പ്രകാരം 1986 ഓഗസ്റ്റ് ഒന്നു മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ 5059.89 ലക്ഷം രൂപ വിവിധ ജില്ലകളിൽ നിന്നായി സമാഹരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുംപ്രകാരമാണ്.

തിരുവനന്തപുരം	318.78	ലക്ഷം രൂപ
കൊല്ലം	273.94	,,
പത്തനംതിട്ട	174.62	,,
ആലപ്പുഴ	240.16	,,
കോട്ടയം	557 24	,,
ഇടുക്കി	129.80	,,
എറണാകുളം	602.72	,,
തൃശ്ശൂർ	713.78	,,
പാലക്കാട്	332.25	,,
മലപ്പുറം	260.94	,,
കോഴിക്കോട്	482.25	,,
വയനാട്	97.96	,,
കണ്ണൂർ	597.44	,,
കാസർഗോഡ്	216.49	,,
ആകെ	5059.89	(ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജിത നിക്ഷേപ സമാഹരണ കാലാവധി ഒക്ടോബർ 31-ന് അവസാനിക്കുന്നതാണ്. ഇതിനകം 75 കോടി രൂപയിൽ കൂടുതൽ സമാഹരിച്ചതായി ജില്ലകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) സമ്മാനത്തിനായി ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല. 5 ലക്ഷം രൂപയുടെ ചെലവാണ് ഈയിനത്തിൽ പ്രതീക്ഷിക്കുന്നത്.

ജാതിക്കാ-ജാതിപത്രി ഇറക്കുമതി ചുങ്കം കുറയ്ക്കാൻ നടപടി

634. [857] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാതിക്കാ-ജാതിപത്രി എന്നിവയുടെ ഇറക്കുമതി ചുങ്കം കുറവു ചെയ്യുമെന്ന കേന്ദ്ര ധനകാര്യമന്ത്രിയുടെ പ്രസ്താവന ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിലയിടിവിനെ നേരിട്ടു തകർത്തുകൊണ്ടിരിക്കുന്ന ജാതി കൃഷിക്കാരെ ഇതു കൂടുതൽ തകർക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇതിനെതിരായി എന്തു നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ, ബി, സി) 17-10-1986-ലെ ഒരു പത്രവാർത്തയിൽ കവിഞ്ഞ വിശദാംശങ്ങളൊന്നും സംസ്ഥാന ഗവൺമെൻറിന്റെ പക്കലില്ല. കേന്ദ്ര ഗവൺമെൻറിൽ നിന്നു വിശദാംശങ്ങൾ ശേഖരിച്ചതിനു ശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെയിൽസ് ടാക്സ് അഗ്രികൾച്ചറൽ ഇൻകംടാക്സ്

635. [858] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് ടാക്സ് അഗ്രികൾച്ചറൽ ഇൻകംടാക്സ് ഈ ഇനങ്ങളിൽ 1986 മാർച്ച് മുതൽ ഒക്ടോബർ 15 വരെ എന്തു തുക പിരിഞ്ഞുകിട്ടി ; ജില്ലാടിസ്ഥാനത്തിൽ എത്ര വീതം ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം ഈ കാലഘട്ടത്തിൽ എന്തു തുക പിരിഞ്ഞു ; ഓരോ ജില്ലയിലും എത്ര വീതം ;

(സി) മുൻ വർഷത്തേക്കാൾ കൂടുതലോ കുറവോ ; കൂടുതലാണെങ്കിൽ എത്ര ശതമാനം ; കുറവാണെങ്കിൽ എത്ര ശതമാനം ?

ഉത്തരം

(എ) കാർഷികാദായ നികുതി വിൽപ്പന നികുതി വകുപ്പ് ഓരോ മാസാവസാനത്തേയും കണക്കുകളാണ് ശേഖരിക്കാറുള്ളത്. 1986 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ വിൽപ്പന നികുതിയിനത്തിൽ 211.59 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.15 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly